LIBRARY ARCHIVES Kerala Legislative Assembly

വൈക്കം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വരുമാനങ്ങളും വിനിയോഗങ്ങളും

207 (4250) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈക്കം നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയും തനത് ഫണ്ട്, സംസ്ഥാന സർക്കാർ സഹായം, കേന്ദ്ര സർക്കാർ സഹായം, വായ്പകളോ ഗ്രാന്റുകളോ ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ എന്നിവ ഉൾപ്പെടെ കഴിഞ്ഞ മൂന്ന് വർഷത്തെ വരുമാനങ്ങളുടെയും വിനിയോഗങ്ങളുടെയും വിശദവിവരങ്ങൾ വ്യക്തമാക്കുമോ ;

(ബി) കഴിഞ്ഞ മൂന്ന് വർഷക്കാലയളവുകളിൽ പ്രസ്തുത സ്ഥാപനങ്ങൾ തങ്ങളുടെ തനതു ഫണ്ടുകൾ വർദ്ധിപ്പിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും ഇതുവഴി ഓരോ വർഷവും ഉണ്ടായ വർദ്ധനവ് എത്രവീതമെന്നും വ്യക്തമാക്കുമോ ;

(സി) കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ പ്രസ്തുത സ്ഥാപനങ്ങൾ ഏതൊക്കെ മേഖലകളിലാണ് നികുതി വർദ്ധന നടപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ പ്രസ്തുത സ്ഥാപനങ്ങളിൽ ഏതിനെയെങ്കിലും കേന്ദ്ര സംസ്ഥാന സർക്കാരുകളുടേതായി പ്രഖ്യാപിക്കപ്പെട്ട ഏതെങ്കിലും പദ്ധതികൾ പ്രാദേശികമായി നടപ്പിലാക്കുവാൻ അനുയോജ്യമല്ലാത്തതായി കണ്ടെത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതി ചെലവ്

208 (4251) ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. കെ. ദാസൻ :
ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിചെലവിൽ ഉല്പാദന മേഖലയ്ക്ക് വരുത്തുന്ന ചെലവ് തുലോം കുറവാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;